(സി) വാട്ടർ അതോറിറ്റിക്ക് ജനങ്ങളിൽനിന്നും യാതൊരു എതിർപ്പും ഇല്ല എന്നാൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഇവിടെ 56 മീറ്റർ ഉയരത്തിൽ ഒരു ഡാം നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നു. ഇതു നിർമ്മിച്ചാൽ ചെറുപുഴ ടൗണും സമീപ കൃഷി സ്ഥലങ്ങളും വെള്ളത്തിൽ മുങ്ങും എന്നുള്ളതുകൊണ്ട് മല യോര കർഷകസമിതിയുടെ എതിർപ്പുകൾ ഉണ്ടായിരുന്നു. എതിർപ്പുകാരണം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഈ പദ്ധതി ഉപേക്ഷിച്ചു. ഇവിടെ ശുദ്ധജല വിത രണത്തിനായി കേരള വാട്ടർ അതോറിറ്റി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ഡാമിന് ഉദ്ദേശം 28 മീറ്ററാണ് ഉയരം. ഇതിന് ജനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടില്ല.

(ഡി) ഈ പദ്ധതിക്ക് ഡാം/വിയർ നിർമ്മിക്കുന്നതിനുള്ള വിശദമായ അന്വേഷണം നടത്തി ഡിസൈൻ തയാറാക്കുന്നതിനുവേണ്ടിയുള്ള കൺസൾട്ടൻസി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ''വാപ്പക്കോസ് ലിമിറ്റഡ്'' എന്ന സ്ഥാപനത്തിന് 35 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. 9- മാസ മാണ് കൺസൾട്ടിയുടെ കാലാവധി. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പണി തുടങ്ങാനും മറ്റും നടപടികൾ കൈക്കൊള്ളുന്നതാണ്.

49 (2740) ഒ.ഇ. സി.എഫ്. സഹായത്തോടെ കേരളത്തിൽ നടപ്പാക്കി വരുന്ന പദ്ധതികൾ

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒ.ഇ.സി.എഫ്. സഹായത്തോടെ കേരളത്തിൽ നടപ്പാക്കിവ രുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'ഗ്രേറ്റ് കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീം.' സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒ.ഇ.സി.എഫ്. (ജപ്പാന്റെ) സാമ്പത്തിക സഹായത്തോടെ താഴെപറയുന്ന അഞ്ചു ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുന്നു.

1. തിരുവനന്തപുരം നഗര ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി.

2. മിനാടും സമീപ പഞ്ചായത്തുകളും ഉൾപ്പെട്ട ശുദ്ധജല വിത രണ പദ്ധതി

3. ചേർത്തലയും സമീപ വില്ലേജുകളും ഉൾപ്പെട്ട ശുദ്ധജല വിത രണ പദ്ധതി.

4. കോഴിക്കോട് നഗര ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി.

5. പട്ടുവവും സമീപ വില്ലേജുകളും ഉൾപ്പെട്ട ശുദ്ധജല വിതരണ പദ്ധതി.

(ബി) കോഴിക്കോട് നഗരശുദ്ധജല വിതരണ വിപുലീകരണപദ്ധതി നടപ്പിലാക്കുവാൻവേണ്ടി പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പു നടപടികൾ നട ന്നുവരുന്നു. ഒ.ഇ.സി.എഫും. കേന്ദ്ര ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാർ പ്രകാരം പദ്ധതിയുടെ വിശദമായ ഡിസൈനും ടെൻഡറുകളും കൺസൾട്ടന്റ്

LIBRARY ARCHIVES Kerala Legislative Assembly

മുഖേനയാണ് തയാറാക്കേണ്ടത്. പ്രസ്തുത കൺസൾട്ടന്റിന്റെ നിയമനം പൂർത്തിയായിട്ടില്ല. കൺസൾട്ടന്റിനെ നിയമിച്ച് ഡിസൈനും ടെൻഡറുകളും തയാറാക്കിയതിനുശേഷം മാത്രമേ പദ്ധതി ആരംഭിക്കാനാവൂ.

50 (2741) ജലവാഹിനി പദ്ധതി

ശ്രീ. ടി.എം.ജേക്കബ് :

ശ്രീമതി കെ.ആർ. ഗൗരിയമ്മ :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവാഹിനി പദ്ധതി ഏതുവർഷമാണ് നടപ്പിലാക്കിയത്;

(ബി) ഈ പദ്ധതി അനുസരിച്ചു ആദ്യഘട്ടം എന്നനിലയിൽ എത്ര കുളങ്ങളും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും, ക്രോസ് ബാറുകളും നിർമ്മിച്ചിട്ടുണ്ട്;

(സി) ആദ്യഘട്ടത്തിന്റെ മൊത്തം അടങ്കൽ തുക എത്രയായിരുന്നു; ഇതിൽ ഇ.ഇ.സി.യുടെ സഹായം എത്രയാണ്;

(ഡി) ഈ പ്രോജക്ടിന് 1999 മുതൽ എത്രവർഷത്തേയ്ക്കാണ് കാലാവധി നീട്ടികിട്ടിയത്;

(ഇ) ഈ പദ്ധതിയിൽ താല്കാലിക ജീവനക്കാരെ കരാറടിസ്ഥാനത്തിലോ, മറ്റുവിധത്തിലോ നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവരെ തുടർന്നും സർവ്വീസിൽ നിലനിർത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ജലവാഹിനി പദ്ധതി എത്രവർഷം കൂടി തുടരുന്നതിനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ?

ഉത്തരം

(എ) 1994-95 സാമ്പത്തിക വർഷത്തിൽ.

(ബി) ഈ പദ്ധതിയുടെ ആദ്യഘട്ടം എന്നനിലയിൽ 44 കുളങ്ങളും 83 തടയണകളും (വി.സി.ബി) നിർമ്മിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിന്റെ മൊത്തം അടങ്കൽ തുക 42.64 കോടി രൂപയായിരുന്നു. ഇതിൽ ഇ.ഇ.സി. യുടെ സഹായം 33.11 കോടി രൂപയായിരുന്നു.

(ഡി) 1999 - ജനുവരി മുതൽ 2000 - ഡിസംബർവരെയാണ് കാലാവധി നീട്ടികിട്ടിയത്.

(ഇ) ഈ പദ്ധതിയിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. അവരെ തുടർന്നും സർവീസിൽ നിലനിർത്തണമോ എന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇപ്പോഴത്തെ വ്യവസ്ഥ അനുസരിച്ചു 2000-ഡിസംബർവരെ തുടരുന്നതിനാണ് ഉദ്ദേശിക്കുന്നത്.

51 (2742) നഗരങ്ങളിലെ വെള്ളപ്പൊക്കം

ശ്രീ. എ. അലിഹസ്സൻ :

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly